# MALAYALAM (KERALA-INDIA) VERSION OF HEALTH CHARTER DHAKA
# ആരോഗ്യത്തിനായുള്ള ജനകീയാവകാശ പ്രഖ്യാപനം

(2000 ഡിസംബർ 4 മുതൽ 8 വരെ ഡാക്കയിൽ ചെർന്ന
ലോക ജനകീയാരോഗ്യസഭ അംഗീകരിച്ചത്)

## മുഖവുര

ആരോഗ്യം എന്നത് ഒരു സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ പ്രശ്നമാണ്. സർവോപരി അതൊരു അടിസ്ഥാന മനുഷ്യാവകാശമാണ്. ദരിദ്രരും പ്രാന്തവൽകൃതരും ആയവരുടെ അനാരോഗ്യത്തിന്റെയും മരണത്തിന്റെയും അടിവേരുകൾ അസമത്വം, ദാരിദ്ര്യം, ചൂഷണം, ഹിംസ, അനീതി തുടങ്ങിയവയിലാണ്. ശക്തമായ സ്ഥാപിത താൽപര്യങ്ങളെ വെല്ലുവിളിക്കണമെന്നും ആഗോളവൽക്കരണത്തെ എതിർക്കണമെന്നും രാഷ്ട്രീയ സാമ്പത്തിക മുൻഗണനാക്രമം മാറ്റിമറിക്കണമെന്നതുമാണ് "എല്ലാവർക്കും ആരോഗ്യം" എന്നതുകൊണ്ട് അർഥമാക്കുന്നത്.

ഒരിക്കലും കേൾക്കാത്തതോ, വല്ലപ്പോഴും മാത്രം കേൾക്കുന്നതോ ആയ ശബ്ദം പുറപ്പെടുവിക്കുന്ന ദരിദ്രന്റെ വീക്ഷണങ്ങളിന്മേലാണ് ഈ അവകാശ രേഖ നിർമ്മിച്ചിരിക്കുന്നത്. സ്വന്തമായ ഉത്തരങ്ങൾ (പരിഹാരങ്ങൾ) കണ്ടെത്താനും പ്രാദേശികവും ദേശീയവുമായ സർക്കാരുകളോടും സ്ഥാപനങ്ങളോടും കണക്കു ചോദിക്കാനും ഇതു ജനങ്ങളെ പ്രേരിപ്പിക്കുന്നു.

## വീക്ഷണം

എല്ലാവർക്കും ആരോഗ്യം എന്നത് യാഥാർഥ്യമാകുന്ന ഒരു ലോകം - ആ നല്ല ലോകത്തെക്കുറിച്ചുള്ള വീക്ഷണത്തിന്റെ കാതൽ സമത്വം, പാരിസ്ഥിതികമായി നിലനിൽക്കുന്ന വികസനം, സമാധാനം എന്നിവയാണ്; ജീവനെയും വൈവിധ്യത്തെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും അതിൽ ആഹ്ളാദിക്കുകയും (ആഘോഷിക്കുകയും) ചെയ്യുന്ന ഒരു ലോകം: പരസ്പരം സമ്പുഷ്ടമാക്കുന്നതിനു വേണ്ടി ശേഷികളും ശേമുഷികളും പുഷ്പിക്കുന്നതിന് സഹായകരമായ ഒരു ലോകം; നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന തീരുമാനങ്ങളെ, ജനങ്ങളുടെ ശബ്ദം നയിക്കുന്ന ഒരു ലോകം. ഈ വീക്ഷണം സാക്ഷാൽക്കരിക്കുന്നതിനാവശ്യമായതിനേക്കാളേറെ വിഭവങ്ങൾ നമുക്കുണ്ട്.

## ആരോഗ്യരംഗത്തെ പ്രതിസന്ധികൾ

"രോഗവും മരണവും ഞങ്ങളെ എന്നും കുപിതരാക്കുന്നു. മനുഷ്യർക്ക് രോഗം വരുന്നുവെന്നതുകൊണ്ടോ, അവർ മരിക്കുന്നുവെന്നതുകൊണ്ടോ അല്ല അത്. ഞങ്ങൾക്കു മേൽ അടിച്ചേൽപിച്ചിട്ടുള്ള സാമ്പത്തികവും സാമൂഹ്യവുമായ നയങ്ങളാണ് രോഗങ്ങൾക്കും മരണങ്ങൾക്കും കാരണം എന്നതാണ് ഞങ്ങളെ ദേഷ്യം പിടിപ്പിക്കുന്നത്".

(മധ്യ അമേരിക്കയിൽ നിന്നുള്ള ഒരു ശബ്ദം)

ജനങ്ങളുടെ ആരോഗ്യത്തെയും ആരോഗ്യ സുരക്ഷാസംവിധാനത്തിന്റെ ലഭ്യതയേയും മറ്റു സാമൂഹ്യസേവനങ്ങളെയും അടുത്ത ദശകങ്ങളിൽ ലോക വ്യാപകമായുണ്ടായ സാമ്പത്തിക പരിവർത്തനങ്ങൾ സാരമായി ബാധിച്ചിട്ടുണ്ട്. മുമ്പൊരിക്കലുമില്ലാത്തവിധം ലോകത്തിലെ സാമ്പത്തിക നില ഉയർന്നിട്ടും ദാരിദ്ര്യവും പട്ടിണിയും വർധിക്കുന്നു. ധനിക-ദരിദ്ര രാഷ്ട്രങ്ങൾക്കിടയിൽ മാത്രമല്ല രാജ്യങ്ങൾക്കകത്തുതന്നെ വിവിധ സാമൂഹ്യ വിഭാഗങ്ങൾ തമ്മിൽ, സ്ത്രീയും, പുരുഷനും തമ്മിൽ, യുവാക്കളും വൃദ്ധരും തമ്മിൽ, എല്ലാമുള്ള വിടവ് വർധിച്ചുവരുന്നു.

ഭക്ഷണത്തിന്റെ ലഭ്യത, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ശുചീകരണ സൗകര്യങ്ങൾ, പാർപ്പിടം, ഭൂമിയും അതിലെ വിഭവങ്ങളും, തൊഴിൽ ആരോഗ്യരക്ഷാസംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ലോക ജന സംഖ്യയുടെ വലിയൊരു ഭാഗത്തിന് നിഷേധിക്കപ്പെടുന്നു. വിവേചനം കൂടുതൽ വ്യാപിക്കുന്നു. ഇത് രോഗം വരുവാനുള്ള സാധ്യതയേയും ചികിത്സാലഭ്യതയേയും ബാധിക്കുന്നു.

ഭൂമിയിലെ പ്രകൃതിവിഭവങ്ങൾ ഞെട്ടിക്കുന്ന തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക നാശം എല്ലാവരുടേയും, വിശേഷിച്ച് ദരിദ്രരുടെയും ആരോഗ്യത്തിന് ഭീഷണിയാകുന്നു. സർവനാശത്തിന്റെ ആയുധങ്ങൾ ഉയർത്തുന്നഭീഷണികൾക്കിടയിലും പുതിയ പുതിയ സംഘർഷങ്ങൾ ഉയർന്നു കൊണ്ടേയിരിക്കുന്നു. തങ്ങളുടെ ലാഭം പരമാവധി വർധിപ്പിക്കാൻ ശ്രമിക്കുന്നവരുടെ കയ്യിലേക്ക് ലോകത്തിലെ വിഭവങ്ങൾ കൂടുതൽ കൂടുതലായി കേന്ദ്രീകരിക്കപ്പെടുന്നു. ശക്തരായ ഒരു ചെറിയ വിഭാഗം സർക്കാരുകളും, ലോക ബാങ്ക്, IMF, WTO തുടങ്ങിയ അന്താരാഷ്ട്ര സംഘടനകളും ചേർന്നാണ് നവ ഉദാരവൽക്കരണത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായനയങ്ങൾ തയ്യാറാക്കുന്നത്. ഈ നയങ്ങളും അതോടൊപ്പം രാഷ്ട്രാന്തര കോർപ്പറേഷനുകളുടെ അനിയന്ത്രിതമായ പ്രവർത്തനങ്ങളും വടക്കും തെക്കുമുള്ള ജനങ്ങളുടെ ജീവിതത്തെയും ജീവിതമാർഗങ്ങളേയും ആരോഗ്യത്തെയും ക്ഷേമത്തെയും ഗുരുതരമായി ബാധിക്കുന്നു. സർക്കാറുകളുടെ സാമൂഹ്യ ബജറ്റിൽ വരുത്തിയ കുറവുമൂലം പൊതു സേവന സംവിധാനങ്ങൾ കൂടുതൽ നാശത്തിലേക്ക് പോകുന്നതിനാൽ അവയ്ക്ക് ജനങ്ങളുടെ ആവശ്യങ്ങൾ ഒട്ടും തന്നെ നിറവേറ്റാനാവുന്നില്ല. ആരോഗ്യ സേവനം കൂടുതൽ അപ്രാപ്യമാകുന്നു. അസന്തുലിതമായി വിതരണം ചെയ്യപ്പെടുന്നു. കൂടുതൽ അനുചിതമാകുന്നു.

സ്വകാര്യവൽക്കരണം വഴി ആരോഗ്യരക്ഷ കൂടുതൽ അപ്രാപ്യമാകുന്നു, സമത്വം, എന്ന അടിസ്ഥാനതത്വത്തെ ബലികഴിക്കുന്നു. തടയാൻകഴിയുന്ന രോഗങ്ങളുടെ വ്യാപനം, മലേറിയ, ക്ഷയം തുടങ്ങിയ രോഗങ്ങളുടെ തിരിച്ചു വരവ്, എച്ച്, ഐ. വി./എയ്ഡ്സ് മുതലായ മാരകരോഗങ്ങളുടെ ആവിർഭാവവും വ്യാപനവും എല്ലാം തുല്യതയ്ക്കും നീതിക്കും വേണ്ടി ലോകത്തിന്റെ സന്നദ്ധതയിലുണ്ടായിട്ടുള്ള കുറവിനെ ഭീതിദമായ ഓർമപ്പെടുത്തുന്നു.

## ജനകീയാരോഗ്യ രേഖയുടെ തത്വങ്ങൾ

- വർണം, വംശപാരമ്പര്യം, ലിംഗവ്യത്യാസം, മതം, പ്രായം, കഴിവുകൾ, വർഗം തുടങ്ങിയവയൊന്നും പരിഗണിക്കാതെ തന്നെ സാധ്യമാകാവുന്നത്ര മെച്ചപ്പെട്ട ആരോഗ്യവും ക്ഷേമവും ഏതൊരു വ്യക്തിയുടേയും മൗലികാവകാശമാണ്.
- സർവലൗകികവും സമഗ്രവുമായ പ്രാഥമികാരോഗ്യ സംരക്ഷണം എന്ന 1978ലെ 'അൽമാ ആട്ട്' പ്രഖ്യാപനമായിരിക്കണം ആരോഗ്യനയങ്ങൾ രൂപീകരിക്കുന്നതിന്റെ അടിസ്ഥാനം. സമത്വപൂർണവും പങ്കാളിത്തത്തോടു കൂടിയതും മേഖലകൾ തമ്മിൽ സംയോജിപ്പിച്ചുകൊണ്ടുള്ളതുമായ ഒരു ആരോഗ്യ സുരക്ഷാ സമീപനം ഇപ്പോൾ മറ്റെന്നത്തേക്കാളേറെ ആവശ്യമായിരിക്കുന്നു.
- ജനങ്ങൾക്കെല്ലാം ഗുണനിലവാരമുള്ള ആരോഗ്യരക്ഷ, വിദ്യാഭ്യാസം, മറ്റു സാമൂഹ്യ സേവന സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കേണ്ടത് സർക്കാറുകളുടെ അടിസ്ഥാന ബാധ്യതയാണ്. ഇത് ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചായിരിക്കണം; പണം നൽകാനുള്ള ശേഷി അനുസരിച്ചായിരിക്കരുത്.
- ആരോഗ്യം തുടങ്ങിയ സാമൂഹ്യ നയങ്ങളും പരിപാടികളും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും അവയെ വിലയിരുത്തുന്നതിലും മേൽനോട്ടം നടത്തുന്നതിലും ജനങ്ങളുടെയും ജനകീയ സംഘടനകളുടെയും പങ്കാളിത്തം അനിവാര്യമാണ്.
- സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ഭൗതികവുമായ പരിസ്ഥിതിയും അതോടൊപ്പം തന്നെ സമത്വവും നിലനിൽക്കുന്ന വികസനമാണ് പ്രാഥമികമായി ആരോഗ്യത്തെ നിശ്ചയിക്കുന്നത് എന്നതിനാൽ പ്രാദേശിക-ദേശീയ-അന്താരാഷ്ട്രതലങ്ങളിലുള്ള നയരൂപീകരണങ്ങളിൽ ഇവയ്ക്ക് പരമപ്രാധാന്യം നൽകണം.

## പ്രവർത്തനത്തിനുള്ള പ്രഖ്യാപനം

ആഗോള ആരോഗ്യ പ്രതിസന്ധിയെ തരണം ചെയ്യുന്നതിനു വേണ്ടി വ്യക്തിപരവും സാമൂഹ്യവും ദേശീയവും പ്രാദേശികവും ആഗോളവുമായ തലങ്ങളിൽ എല്ലാ മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തിക്കണം.

താഴെകൊടുത്തിട്ടുള്ള ആവശ്യങ്ങൾ പ്രവർത്തനങ്ങൾക്കുള്ള അടിത്തറയായിരിക്കും.

## ആരോഗ്യം, ഒരു മനുഷ്യാവകാശം

സമത്വത്തിനും നീതിക്കും വേണ്ടിയുള്ള ഒരു സമൂഹത്തിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ആരോഗ്യം. സാമ്പത്തികവും രാഷ്ട്രീയവുമായ പരിഗണനകൾക്കു മേൽ ആരോഗ്യവും മനുഷ്യാവകാശങ്ങളും പരിഗണനനേടണം.

ഈ പ്രഖ്യാപനം ലോകജനതയോട് ആവശ്യപ്പെടുന്നത്.

- ആരോഗ്യം അവകാശമായി നടപ്പാക്കാനുള്ള എല്ലാ ശ്രമങ്ങളെയും പിന്താങ്ങുക
- ആരോഗ്യം എന്ന അവകാശത്തെ ബഹുമാനിക്കുന്ന നയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി സർക്കാരുകളോടും അന്താരാഷ്ട്ര സംഘടനകളോടും ആവശ്യപ്പെടുക.
- ദേശീയ ഭരണഘടനകളിലും നിയമങ്ങളിലും ആരോഗ്യവും മനുഷ്യാവകാശങ്ങളും ഉൾപ്പെടുത്തുന്നതിനു വേണ്ടി സർക്കാരുകളുടെ മേൽ സമ്മർദം ചെലുത്താൻ കഴിയുന്ന വിശാലാടിത്തറയുള്ള ജനകീയ പ്രസ്ഥാനങ്ങൾ പടുത്തുയർത്തുക.
- ലാഭം ലക്ഷ്യമാക്കി ജനങ്ങളുടെ ആരോഗ്യാവശ്യങ്ങളെ ചൂഷണം ചെയ്യുന്നതിനെതിരെ സമരം ചെയ്യുക

**ആരോഗ്യരംഗത്തെ നിർണായക ഘടകങ്ങളെ എങ്ങനെ കൈകാര്യം ചെയ്യാം?**

**സാമ്പത്തിക വെല്ലുവിളികൾ**

ജനങ്ങളുടെ ആരോഗ്യത്തിൽ സാമ്പത്തിക ഘടനയ്ക്ക് ശക്തമായ സ്വാധീനമുണ്ട്. സമത്വം, ആരോഗ്യം, സാമൂഹ്യക്ഷേമം മുതലായവയ്ക്ക് മുൻഗണനനൽകുന്ന സാമ്പത്തികനയങ്ങൾക്ക് ജനങ്ങളുടെയും സാമ്പത്തിക ഘടനയുടെയും ആരോഗ്യം മെച്ചപ്പെടുത്താനാകും.

മുതലാളിത്ത ആവശ്യങ്ങൾക്കായി ദേശീയ സർക്കാരുകളും അന്താരാഷ്ട്ര സംഘടനകളും അടിച്ചേൽപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, കാർഷിക, വ്യവസായനയങ്ങൾ വലിയൊരു ഭാഗം ജനങ്ങളെ ജീവിതത്തിൽ നിന്നും ജീവസന്ധാരണ മാർഗങ്ങളിൽ നിന്നും പിഴുതെറിയുന്നു. സാമ്പത്തിക ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പ്രവർത്തനങ്ങൾ രാജ്യങ്ങൾ തമ്മിലും അവയ്ക്കകത്തുമുള്ള അസമത്വം വർധിപ്പിക്കുന്നു.

ലോകത്തിലെ പല രാജ്യങ്ങൾ, വിശേഷിച്ചും ശക്തരായവർ, തങ്ങളുടെ സ്ഥാനവും ശക്തിയും ഉറപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി അവരുടെ എല്ലാ വിഭവങ്ങളും ഉപയോഗിക്കുന്നതും സാമ്പത്തിക ഉപരോധങ്ങളും സൈനിക ഇടപെടലുകളും നടത്തുന്നതും ജനങ്ങളുടെ ജീവിതത്തിൽ വിനാശകരമായ ഫലങ്ങളുണ്ടാക്കുന്നു.

ഈ പ്രഖ്യാപനം ലോകജനതയോട് ആവശ്യപ്പെടുന്നത്:

- ജനങ്ങളുടെ സാമൂഹ്യവും പാരിസ്ഥിതികവും സാമ്പത്തികവും ആരോഗ്യപരവുമായ അവകാശങ്ങളെ ലംഘിക്കുന്നത് അവസാനിപ്പിക്കുന്നതിനും ദക്ഷിണ രാഷ്ട്രങ്ങൾക്കനുകൂലമായ ഗതിമാറ്റത്തിന് ആരംഭം കുറിക്കുന്നതിനും വേണ്ടി നിലവിലുള്ള ആഗോളവ്യാപാര സംവിധാനത്തിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുന്നു.
- പേറ്റന്റ്, വ്യാപാരസംബന്ധിയായ ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ (TRIPS തുടങ്ങിയവയടക്കമുള്ള നിയമങ്ങളിൽ

ദരിദ്രരാഷ്ട്രങ്ങൾക്കനുകൂലമായ മാറ്റം വരുത്തുന്നുവെന്നും ലോകവ്യാപാര സംഘടനയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ടുതന്നെ ജനകീയാരോഗ്യ സംരക്ഷണത്തിനുള്ള നടപടികളെ പിന്തുണയ്ക്കുന്നതിനുള്ള പ്രതിബദ്ധത സൃഷ്ടിക്കുന്നുവെന്നും ഉറപ്പുവരുത്തുക.

- മൂന്നാംലോകത്തിന്റെ കടങ്ങൾ എഴുതിത്തള്ളുക
- മൂന്നാംലോക-വികസ്വര രാഷ്ട്രങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്ന വിധത്തിൽ ലോകബാങ്ക്, IMF എന്നിവയിൽ മാറ്റം വരുത്തുക
- മൂന്നാംലോകത്തിൽ ജനകീയാരോഗ്യത്തിന്റെ നാശം, തൊഴിൽ ശേഷിയുടെ ചൂഷണം, പരിസ്ഥിതി ശോഷണം, ദേശീയ പരമാധികാരത്തിന്റെ മേലുള്ള കടന്നുകയറ്റം മുതലായവ നടത്തുന്ന രാഷ്ട്രാന്തരീയ കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുക.
- ഭക്ഷ്യ സുരക്ഷിതത്വവും സമത്വപൂർണമായ ഭക്ഷ്യലഭ്യതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ആയിരിക്കണം സർക്കാറുകൾ കാർഷിക നയം നടപ്പിലാക്കേണ്ടത്; കമ്പോളത്തിനനുസരിച്ചല്ല.
- ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിൽ ജനങ്ങളുടെ ആരോഗ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നുറപ്പുവരുത്താൻ ദേശീയ സർക്കാരുകൾ പ്രവർത്തിക്കുക
- ഊഹക്കച്ചവടത്തിന്റെ അടിസ്ഥാനത്തിലുള്ള അന്താരാഷ്ട്ര മൂലധന ഒഴുക്ക് നിയന്ത്രിക്കുകയും അതിന് നികുതി ഏർപ്പെടുത്തുകയും ചെയ്യുക.
- ആരോഗ്യം, സമത്വം, ലിംഗനീതി, പാരിസ്ഥിതികാഘാതപഠനം മുതലായവയുടെ അടിസ്ഥാനത്തിലേ സാമ്പത്തിക നയങ്ങൾ രൂപവൽക്കരിക്കാവൂ എന്നു നിർബന്ധിക്കുകയും ഇവ പാലിക്കുന്നുവെന്നുറപ്പുവരുത്താൻ നിയന്ത്രണസംവിധാനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.
- വളർച്ചാ കേന്ദ്രിതം (Growth Centered) മാത്രമായ സാമ്പത്തിക തത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മാനവികതയിൽ അധിഷ്ഠിതവും സുസ്ഥിരവുമായ സമൂഹത്തെ സൃഷ്ടിക്കാനുതകുന്ന ബദലുകൾ ഉയർത്തിക്കൊണ്ടുവരികയും അവ ആദ്യം പറഞ്ഞവയ്ക്ക് പകരം വയ്ക്കുകയും ചെയ്യുക. പാരിസ്ഥിതിക പരിമിതികൾ, സമത്വത്തിന്റെയും ആരോഗ്യത്തിന്റെയും പ്രാഥമിക പ്രാധാന്യം. കൂലിയില്ലാത്ത തൊഴിലിന്റെ (വിശേഷിച്ചും സ്ത്രീകളുടെ കാണാപ്പണി) സംഭാവന മുതലായവ അംഗീകരിക്കുന്നതായിരിക്കണം സാമ്പത്തിക തത്വങ്ങൾ

## സാമൂഹ്യവും രാഷ്ട്രീയവുമായ വെല്ലുവിളികൾ

സമഗ്ര സാമൂഹ്യ നയങ്ങൾക്ക് ജനങ്ങളുടെ ജീവിതത്തിലും ജീവ സന്ധാരണത്തിലും ഗുണപരമായ ഫലങ്ങളുണ്ടാക്കാനാവും. സാമ്പത്തിക ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും സമൂഹത്തെയും കുടുംബത്തെയും സംസ്കാരത്തെയും ശക്തിയായി തകർത്തെറിയുന്നു. എവിടെയും സമൂഹത്തിന്റെ ഘടനയുടെ നിലനിൽപിന് സ്ത്രീ അനിവാര്യമാണെന്നിരിക്കിലും അവരുടെ പ്രാഥമികാവശ്യങ്ങൾ മിക്കപ്പോഴും

അവഗണിക്കപ്പെടുന്നു, നിഷേധിക്കപ്പെടുന്നു. വ്യക്തിയെന്ന നിലയിലുള്ള അവകാശം പോലും ലംഘിക്കപ്പെടുന്നു.

പൊതുസംവിധാനങ്ങള ഇടിച്ചുതാഴ്ത്തുന്നു, ദുർബലപ്പെടുത്തുന്നു. അവരുടെ ഉത്തരവാദിത്വങ്ങളെല്ലാം ജനങ്ങളോട് ഒരു ബാധ്യതയുമില്ലാത്ത സ്വകാര്യമേഖലയ്ക്ക് വിശേഷിച്ച് കോർപ്പറേഷനുകൾക്ക് അല്ലെങ്കിൽ ദേശീയ-അന്തർദേശീയ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. അതിനപ്പുറം രാഷ്ട്രീയപാർട്ടികളുടെയും ട്രേഡ് യൂണിയനുകളുടെയും അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്നതോടൊപ്പം പിന്തിരിപ്പനും മൗലികവാദപരവുമായ ശക്തികൾ ഉയർന്നു വരികയും ചെയ്യുന്നു. ഇതിനെതിരായി രാഷ്ട്രീയ സംഘടനകളിലും പൗരസമൂഹത്തിലും പങ്കാളിത്ത ജനാധിപത്യം ഉയർന്നുവരണം. സുതാര്യതയും പ്രതിബദ്ധതയും പോറ്റിവളർത്തുകയും ഉറപ്പാക്കുകയും വേണം.

ഈ പ്രഖ്യാപനം ലോകജനതയോട് ആവശ്യപ്പെടുന്നത്:

- ജനങ്ങളുടെ പൂർണ പങ്കാളിത്തത്തോടെ സമഗ്രമായ സാമൂഹ്യ നയങ്ങളുടെ വികസനത്തിനും നിർവഹണത്തിനും പിന്തുണ നൽകുകയും അതിനായി ആവശ്യപ്പെടുകയും ചെയ്യുക
- ജോലി ചെയ്യാനും ജീവസന്ധാരണത്തിനും ആശയപ്രകാശന സ്വാതന്ത്ര്യത്തിനും രാഷ്ട്രീയ പങ്കാളിത്തത്തിനും സ്വന്തം ഇഷ്ടപ്രകാരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിദ്യാഭ്യാസം നേടുന്നതിനും അക്രമത്തിൽ നിന്നും സ്വതന്ത്രരാകുന്നതിനും എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ അവകാശമുണ്ടെന്ന് ഉറപ്പുവരുത്തുക
- പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ബൗദ്ധികവും മാനസികവും ആത്മീയവുമായ ആരോഗ്യവും മനുഷ്യാവകാശവും സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന നിയമനിർമാണം നടത്താൻ സർക്കാരുകളുടെ മേൽ സമ്മർദം ചെലുത്തുക
- ആരോഗ്യവും വിദ്യാഭ്യാസവും രാഷ്ട്രീയ പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാക്കുക. സൗജന്യവും നിർബന്ധിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും മുതിർന്നവർക്കും വിശേഷിച്ച് പെൺകുട്ടികൾക്കും സ്ത്രീകൾക്കും, ശൈശവത്തിൽത്തന്നെ വിദ്യഭ്യാസവും പരിരക്ഷയും എന്നതും ഇതുവഴി ഉറപ്പാക്കുന്നു.
- ശിശുസംരക്ഷണകേന്ദ്രങ്ങൾ, ഭക്ഷ്യവിതരണ സംവിധാനങ്ങൾ, ഭവനദാന പരിപാടികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ പരിപാടികൾ വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതായിരിക്കണം.
- ജനങ്ങളെ സ്വന്തം ഭൂമിയിൽ നിന്നും വീട്ടിൽനിന്നും തൊഴിലിൽ നിന്നും നിർബന്ധപൂർവം കുടിയൊഴിപ്പിക്കുന്ന തരത്തിലുള്ള തൊഴിലുകളടക്കമുള്ള നയങ്ങളെ എതിർക്കുകയും അവയുടെ മാറ്റം ആവശ്യപ്പെടുകയും ചെയ്യുക
- വ്യക്തികളുടെ (പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ന്യൂനപക്ഷത്തിന്റെയും) അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും

ഹനിക്കുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ മൗലികവാദ ശക്തികളെ എതിർക്കുക

- സെക്സ് ടൂറിസത്തെയും സ്ത്രീകളുടെയും കുട്ടികളുടെയും ആഗോള കൈമാറ്റത്തെയും എതിർക്കുക

പാരിസ്ഥിതിക വെല്ലുവിളികൾ

വായു-ജലമലിനീകരണം അതിവേഗത്തിലുള്ള കാലാവസ്ഥാ വ്യതിയാനം ഓസോൺ പാളിയിലെ ശോഷണം ആണവ ഊർജവും മാലിന്യങ്ങളും വിഷമയമായ രാസവസ്തുക്കളും കീടനാശിനികളും, വനനശീകരണം മണ്ണൊലിപ്പ് തുടങ്ങിയവയെല്ലാം ജനങ്ങളുടെ ആരോഗ്യത്തിനു മേൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണ്. പ്രകൃതി വിഭവങ്ങളെ അനിയന്ത്രിതമായും നിൽനിൽക്കാത്ത വിധത്തിലും ചൂഷണം ചെയ്യൽ, സമഗ്രവും ദീർഘ വീക്ഷണത്തൊടും കൂടിയ പരിപ്രേക്ഷ്യമില്ലാതിരിക്കൽ, ലാഭാധിഷ്ഠിതവും വികേന്ദ്രീകൃതവുമായ പെരുമാറ്റത്തിന്റെ വ്യാപനം, ധനികന്റെ അധിക ഉപഭോഗം തുടങ്ങിയവ നാശത്തിന്റെ മുഖ്യ കാരണങ്ങളാണ്.

ഈ നാശത്തെ അടിയന്തിരമായും ഫലപ്രദമായും എതിർത്തു തോൽപ്പിക്കുകയും ഗതി തിരിച്ചു വിടുകയും ചെയ്തേ പറ്റൂ.

ഈ പ്രഖ്യാപനം ലോകജനതയോട് ആവശ്യപ്പെടുന്നത്:

- പരിസ്ഥിതിയുടെയും ജനങ്ങളുടെ ആരോഗ്യത്തിന്റെയും മേൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന വിനാശകരവും അപകടകരവുമായ പ്രവർത്തികൾക്ക് അതു ചെയ്യുന്ന ദേശീയ അന്തർദേശീയ കോർപ്പറേഷനുകളേയും പൊതുസ്ഥാപനങ്ങളേയും സൈന്യത്തെയും പിടിച്ചുനിർത്തി കണക്കു ചോദിക്കണം.
- പാരിസ്ഥിതികവും ആരോഗ്യപരവുമായ മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് എല്ലാ വികസന പദ്ധതികളെയും വിലയിരുത്തണം. പരിസ്ഥിതിക്കോ ആരോഗ്യത്തിനോ ഭീഷണിയുയർത്താൻ സാധ്യതയുള്ള സാങ്കേതിക വിദ്യകളോ നയങ്ങളോ വരുമ്പോൾ ശ്രദ്ധയും നിയന്ത്രണവും പാലിക്കണം.
- അപകടകരവും അനുയോജ്യവുമല്ലാത്ത സാങ്കേതിക വിദ്യകളും പ്രയോഗങ്ങളും ഒഴിവാക്കിക്കൊണ്ട് തങ്ങളുടെ അതിർത്തിയിൽ പുറത്തുവരുന്ന ഹരിത ഗൃഹവാതകങ്ങളുടെ അളവ് അന്താരാഷ്ട്ര കാലാവസ്ഥാ വ്യതിയാനക്കരാറിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ ഏറെ താഴ്ന്നിരിക്കുന്നതിന് സർക്കാരുകളെ പ്രതിജ്ഞാബദ്ധരാക്കണം.
- അപകടകരമായ വ്യവസായങ്ങളും വിഷ ആണവ മാലിന്യങ്ങളും ദരിദ്ര മൂന്നാം ലോകത്തേക്കും പ്രാന്തവൽകൃതവും ദരിദ്രവുമായ സമൂഹങ്ങളിലേക്കും മാറ്റാൻ നടക്കുന്ന ശ്രമങ്ങളെ എതിർക്കുകയും മാലിന്യഉൽപാദനം കുറക്കുന്നതിനുള്ള പരിഹാരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
- തെക്കും വടക്കും രാജ്യങ്ങളിൽ നടക്കുന്ന അമിത ഉപഭോഗവും നിലനിൽപില്ലാത്ത ജീവിത ശൈലികളും പരമാവധി കുറയ്ക്കണം.

തങ്ങളുടെ ഉപഭോഗവും മലിനീകരണവും തൊണ്ണൂറു ശതമാനം കണ്ടുകുറയ്ക്കാൻ സമ്പന്ന രാഷ്ട്രങ്ങളുടെ മേൽ സമ്മർദം ചെലുത്തണം.

- തൊഴിലവസ്ഥയിൽ തൊഴിലാളി കേന്ദ്രീകൃത മോണിറ്ററിങ് അടക്കമുള്ള നടപടികളിലൂടെ തൊഴിൽ രംഗത്ത് ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്താൻ ശ്രമിക്കണം
- തൊഴിൽസ്ഥലത്തും സമൂഹത്തിലും വീട്ടിലും അപകടങ്ങളും മുറിവുകളും തടയാനുള്ള നടപടികൾ സ്വീകരിക്കണം.
- ജീവനുമേൽ പേറ്റന്റ് ഏർപ്പെടുത്താനുള്ള ശ്രമത്തെ തള്ളിക്കളയുകയും പരമ്പരാഗതവും തദ്ദേശീയവുമായ അറിവുകളെയും വിഭവങ്ങളെയും തട്ടിയെടുക്കുന്നതിനെ എതിർക്കുകയും ചെയ്യണം
- പാരിസ്ഥിതികവും സാമൂഹികവുമായ വികാസത്തിന് സമൂഹ്യ അടിസ്ഥാനത്തിലുള്ളതും ജനകേന്ദ്രീകൃതവുമായ സൂചകങ്ങൾ വികസിപ്പിക്കണം. പാരിസ്ഥിതികശോഷണവും ജനതയുടെ ആരോഗ്യപദവിയും അളക്കാൻ വേണ്ടി സ്ഥിരമായ ഒരു ഓഡിറ്റ് സംവിധാനം വികസിപ്പിക്കാനും സ്വീകരിക്കാനും സമ്മർദം ചെലുത്തണം.

**യുദ്ധം, ഹിംസ, സംഘർഷം**

യുദ്ധവും ഹിംസയും സംഘർഷവും സമൂഹത്തെ തകർക്കുന്നു, മാനവിക പദവി നശിപ്പിക്കുന്നു. സമൂഹത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഇവ ഗുരുതരമായി ബാധിക്കുന്നു.

വർധിച്ചുവരുന്ന ആയുധം വാങ്ങലും ആക്രമണോത്സുകവും അഴിമതി നിറഞ്ഞതുമായ അന്താരാഷ്ട്ര ആയുധവ്യാപാരവും സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക സുസ്ഥിരതയേയും സാമൂഹ്യ മേഖലക്കുവേണ്ടിയുള്ള വിഭവവിഹിതത്തെയും ഏറെ ഇടിച്ചുതാഴ്ത്തുന്നു,

ഈ പ്രഖ്യാപനം ലോകജനതയോടാവശ്യപ്പെടുന്നത്:

- സമാധാനത്തിനും നിരായുധീകരണത്തിനും വേണ്ടിയുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുക
- ആക്രമണങ്ങൾക്കും ഭൗമമൈനുകളടക്കമുള്ള സർവസംഹാരിയായ ആയുധങ്ങളുടെ ഗവേഷണം, ഉൽപാദനം, പരീക്ഷണം, തുടങ്ങിയവയ്ക്കും എതിരായ പ്രചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുക.
- ലോകത്തെല്ലായിടത്തും, വിശേഷിച്ച് ആഭ്യന്തര യുദ്ധത്തിന്റെയും കൂട്ടക്കൊലകളുടെയും അനുഭവമുള്ള രാജ്യങ്ങളിലും നീതിപൂർവവും നിലനിൽക്കുന്നതുമായ സമാധാനം നേടുന്നതിന് വേണ്ടിയുള്ള ജനകീയ പ്രവർത്തനങ്ങളെ സഹായിക്കുക
- ബാലയോദ്ധാക്കളുടെ ഉപയോഗത്തെയും കുട്ടികളുടെയും സ്ത്രീകളുടെയും മേലുള്ള അതിക്രമം, ബലാൽക്കാരം, മർദനം, കൊല തുടങ്ങിയവയെയും നിശിതമായി വിമർശിക്കുക

- മാനവിക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സൈനികവൽക്കരണത്തെ എതിർക്കുക
- ജനാധിപത്യപരമായി പ്രവർത്തിക്കാനാവുന്ന വിധത്തിൽ ഐക്യരാഷ്ട്ര രക്ഷാസമിതിയെ മാറ്റിത്തീർക്കുക
- സാധാരണ ജനതയുടെ ആരോഗ്യത്തെ തകർക്കുന്ന വിധത്തിലുള്ള ഉപരോധങ്ങളെ അക്രമത്തിനുള്ള ഉപകരണമായി ഐക്യരാഷ്ട്രസഭയും അംഗരാഷ്ട്രങ്ങളും ഉപയോഗിക്കരുത്
- അയൽക്കൂട്ടങ്ങളും സമൂഹങ്ങളും നഗരങ്ങളും സമാധാനപ്രദേശങ്ങളായും ആയുധവിമുക്ത മേഖലകളായും പ്രഖ്യാപിക്കുന്നതിനു വേണ്ടി സ്വതന്ത്രവും ജനകീയാടിത്തറയുള്ളതുമായ മുന്നേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുക
- മനുഷ്യന്റെ (പ്രത്യേകിച്ച് പുരുഷന്റെ) ആക്രമണോത്സുകവും ഹിംസാത്മകവുമായ സ്വഭാവത്തെ തടയുന്നതിനും കുറയ്ക്കുന്നതിനും സമാധാനപരമായ സഹവർത്തിത്വം ഊട്ടിവളർത്തുന്നതിനും വേണ്ടിയുള്ള പ്രചാരണങ്ങളെയും പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുക

**ജനകേന്ദ്രീകൃതമായ ഒരു ആരോഗ്യമേഖല**

പണം നൽകാനുള്ള ശേഷി പരിഗണിക്കാതെ സാർവത്രികവും സമഗ്രവുമായ പ്രാഥമികാരോഗ്യ സുരക്ഷയ്ക്കുവേണ്ടി ഈ രേഖ ആവശ്യപ്പെടുന്നു.. ആരോഗ്യരംഗം ജനാധിപത്യപരവും (സമൂഹത്തോട്) ബാധ്യതയുള്ളതുമായിരിക്കണമെന്നതിനോടൊപ്പം ഇതുനേടാൻ ആവശ്യമായ വിഭവങ്ങൾ ഉണ്ടായിരിക്കണം

ഈ പ്രഖ്യാപനം ലോകജനതയോടാവശ്യപ്പെടുന്നത്:

- ആരോഗ്യസുരക്ഷയെ സ്വകാര്യവൽക്കരിക്കുന്നതും അതിനെ കൈമാറ്റച്ചരക്കായി മാറ്റുന്നതുമായ ദേശീയ-അന്തർദേശീയ നയങ്ങളെ ശക്തമായി എതിർക്കുക
- സൗജന്യവും സാർവത്രികവുമായി പ്രാപ്തമാക്കുന്ന തരത്തിൽ ആരോഗ്യ സംവിധാനം സംഘടിപ്പിക്കുന്നതിനും ആരോഗ്യപ്രശ്നങ്ങളെ ഫലപ്രദമായി നേരിടുന്നതിനും സമഗ്രമായ ഒരു പൊതു ആരോഗ്യ രക്ഷാ സംവിധാനങ്ങൾ സർക്കാർ തന്നെ നേരിട്ട് വികസിപ്പിക്കുവാനും സാമ്പത്തികമായി പിന്തുണയ്ക്കുവാനും തയ്യാറാവണം.
- ദേശീയ ആരോഗ്യ മരുന്നു നയങ്ങൾ നിർമിക്കാനും നടപ്പിലാക്കാനും നിർബന്ധിക്കുവാനും സർക്കാരിന്റെ മേൽ സമ്മർദം ചെലുത്തണം.
- പൊതു ആരോഗ്യ മരുന്നുകളുടെ സ്വകാര്യവൽക്കരണത്തെ എതിർക്കുനതിനും സന്നദ്ധസംഘടനകൾ, ക്ഷേമസംഘടനകൾ മുതലായവയുടേതടക്കമുള്ള സ്വകാര്യ ആരോഗ്യ മേഖല മുഴുവൻ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും സർക്കാർ തയ്യാറാവണം.
- ദരിദ്രന് ഗുണകരമായ വിധത്തിൽ ആരോഗ്യ രംഗത്തെ പ്രശ്നങ്ങളോട് പ്രതികരിക്കുക, കേന്ദ്രീകൃതമായി വകുപ്പുകളിലൂടെ പദ്ധതികൾ താഴേക്കു വരുന്ന ലംബമാന സമീപനം ഒഴിവാക്കുക, മേഖലകൾ തമ്മിലുള്ള സംയോജിത പ്രവർത്തനം ഉറപ്പാക്കുക. ലോകാരോഗ്യ സമ്മേളനത്തിൽ ജനകീയ സംഘടനകളെ പങ്കെടുപ്പിക്കുക. ബഹുരാഷ്ട്ര

കോർപ്പറേഷനുകളുടെ ഇടപെടലിൽ നിന്നും മുക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി ലോകാരോഗ്യ സംഘടനയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുക

- രോഗിയുടേയും ഉപഭോക്താവിന്റേയും അവകാശങ്ങളടക്കം ആരോഗ്യത്തിന്റെ എല്ലാ തലത്തിലും, നിയന്ത്രിക്കുന്നതിലും തീരുമാനങ്ങൾ എടുക്കുന്നതിലും ജനങ്ങളുടെ അധികാരവും നിയന്ത്രണവും ഉണ്ടാക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിന് പിന്തുണ നൽകുകയും ചെയ്യുക.
- പരമ്പരാഗതവും സമഗ്രവീക്ഷണത്തോടു കൂടിയതുമായ ചികിത്സാ സംവിധാനങ്ങളേയും അതിൽ ഏർപ്പെട്ടിരിക്കുന്നവരേയും അംഗീകരിക്കുകയും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും അവയെ പൊതു ആരോഗ്യ രക്ഷാ സംവിധാനത്തിലേക്ക് ഉദ്ഗ്രഥിപ്പിക്കുകയും ചെയ്യുക.
- ആരോഗ്യ പ്രവർത്തകർ കൂടുതൽ പ്രശ്നാധിഷ്ഠിതമായും അനുഭവാടിസ്ഥാനത്തിലും പ്രവർത്തിക്കുന്നവരാകുന്നതിനും ആഗോള പ്രശ്നങ്ങൾ സ്വന്തം സമൂഹത്തിൽ എന്ത് പ്രതിഫലനമുണ്ടാക്കുന്നു എന്ന് കൂടുതൽ നന്നായി മനസിലാക്കുന്നതിനും സമൂഹത്തേയും അതിന്റെ വൈവിധ്യങ്ങളേയും ബഹുമാനിച്ചു കൊണ്ട് അതിൽ പ്രവർത്തിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്ന തരത്തിൽ അവരുടെ പരിശീലനത്തിൽ വ്യത്യാസം വരുത്തണം
- മരുന്നടക്കമുള്ള ആരോഗ്യ ചികിത്സാ സാങ്കേതിക വിദ്യകളെ ലളിതമായി അവതരിപ്പിക്കാനും (dimistyfy) അവയെ ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾക്കനുസൃതമായി ബന്ധപ്പെടുത്താനും കഴിയണം
- ആരോഗ്യ രംഗത്തെ ഗവേഷണങ്ങൾ (ജനിതക ഗവേഷണങ്ങളും മരുന്നുകളും പ്രത്യുൽപാദന സാങ്കേതിക വിദ്യകളുമടക്കം) ജന പങ്കാളിത്തത്തോടെയും ആവശ്യാധിഷ്ഠിതമായിട്ടും നടത്താൻ സമൂഹത്തോട് ബാധ്യതപ്പെട്ട സ്ഥാപനങ്ങളെ മാത്രം അനുവദിക്കണം. സാർവലൗകിക നീതിബോധത്തിന്റെ തത്വങ്ങളെ ബഹുമാനിക്കുന്നതും ജനങ്ങളേയും ജനകീയാരോഗ്യത്തേയും അടിസ്ഥാന മാക്കിയതുമായിരിക്കണം ഈ ഗവേഷണങ്ങൾ.
- ലൈംഗികവും പ്രത്യുൽപാദനപരവുമായ കാര്യങ്ങളിൽ ജനങ്ങളുടെ സ്വയം നിർണായാവകാശത്തിനും ജനസംഖ്യാ നിയന്ത്രണ-കുടുംബാസൂത്രണനയങ്ങളിൽ നിർബന്ധിതമായ നടപടികളെ എതിർക്കുന്നതിനും പിന്തുണ നൽകണം.

**ആരോഗ്യകരമായ ഒരു ലോകത്തിനു വേണ്ടിയുള്ള ജനപങ്കാളിത്തം**

കൂടുതൽ ജനാധിപത്യപരവും സുതാര്യവും ജനങ്ങളോട് ബാധ്യതയുള്ളതുമായ തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയ്ക്ക് അടിസ്ഥാനമായിരിക്കേണ്ടത് ശക്തമായ ജനകീയ സംഘടനകളും പ്രസ്ഥാനങ്ങളുമാണ്. ജനങ്ങളുടെ പൗര-രാഷ്ട്രീയ - സാമ്പത്തിക - സാമൂഹ്യ - സാംസ്കാരിക അവകാശങ്ങൾ ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.

ആരോഗ്യം, മനുഷ്യാവകാശം തുടങ്ങിയവയിൽ കൂടുതൽ സമത്വാധിഷ്ഠിതമായ സമീപനം പ്രോത്സാഹിപ്പിക്കുന്നതിമുള്ള പ്രാഥമിക ഉത്തരവാദിത്വം സർക്കാറുകൾക്കായിരിക്കും. എന്നാൽ അതോടൊപ്പം ആരോഗ്യ വികസന നയങ്ങൾ വികസിപ്പിക്കുന്നതിലും നടപ്പിലാക്കുനതിലും അതിനുള്ള മേൽനോട്ടം നടത്തുന്നതിലും ജനങ്ങളുടെ ശക്തിയും നിയന്ത്രണവും ഉറപ്പുവരുത്തുന്നതിനായി വ്യാപകമായ പൊതുജന ഗ്രൂപ്പുകൾക്കും പ്രസ്ഥാനങ്ങൾക്കും മാധ്യമങ്ങൾക്കും ഒരു സുപ്രധാന പങ്ക് വഹിക്കാനുണ്ട്.

- ഈ രംഗത്ത് വിശകലനം നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും വേണ്ട അടിസ്ഥാനം സൃഷ്ടിക്കാൻ കഴിയുന്ന ജനകീയ സംഘടനകളെ കെട്ടിപ്പടുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
- സാമൂഹ്യസേവനരംഗത്ത് എല്ലാ തലത്തിലും തീരുമാനങ്ങൾ എടുക്കുന്നതിൽ ജനകീയ ഇടപെടൽ പ്രത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും അതിൽ ഏർപ്പെടുകയും ചെയ്യുക
- ആരോഗ്യവുമായി ബന്ധപ്പെട്ട പ്രസക്തമായ പ്രാദേശിക-ദേശീയ-അന്തർദേദീയ വേദികളിലെല്ലാം ജനകീയ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക
- ലോകം മുഴുവൻ വ്യാപിക്കുന്ന തരത്തിൽ ജനകേന്ദ്രീകൃതമായ ഐക്യദാർഢ്യം സ്ഥാപിച്ചു കൊണ്ട് പങ്കാളിത്ത ജനാധിപത്യത്തിൽ എത്തിച്ചേരാനുള്ള പ്രാദേശിക മുന്നേറ്റങ്ങളെ പിന്തുണയ്ക്കുക